നമ്പർ 299/2018

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

സൃഷ്ടി മുഴുവന്റെയും വീണ്ടെടുപ്പ് സാധ്യമാക്കിയ ലോകരക്ഷകനായ ദൈവപുത്രന്റെ തിരുജനനം ആചരിക്കുവാൻ നോമ്പനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധ സഭ ഒരുങ്ങുന്ന കാലമാണല്ലോ ഇത്. ദൈവമുമ്പാകെയുള്ള പരിപൂർണ്ണ സമർപ്പണത്തിന്റെയും വിനയത്താലുള്ള വിശുദ്ധീകരണത്തിന്റെയും കരകവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെയും ദൈവത്തിന്റെ പരിശുദ്ധാത്മാവിലുള്ള നിർമ്മലമായ ആരാധനയുടെയും അതുല്യപാഠങ്ങളാണ് ഓരോ ക്രിസ്തുമസും ലോകത്തോട് പങ്കുവയ്ക്കുന്നത്. ദരിദ്രന്റെ സന്തോഷ സുവിശേഷമായാണ് ക്രിസ്തു ലോകത്തിലേക്ക് വന്നത് എന്ന സത്യം നമ്മെ നിരന്തരം പ്രചോദിപ്പിക്കുകയും നമ്മുടെ ക്രിസ്തീയ ദൗത്യനിർവ്വഹണത്തെപ്പറ്റി ചിന്തിപ്പിക്കുകയും ചെയ്യേണ്ട വസ്തുതയാണ്. സന്മനസ്സുള്ളവർക്കും ദൈവപ്രസാദമുള്ളവർക്കും വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യമായ സമാധാനം നമ്മുടെ ജീവിതങ്ങളിൽ കുടികൊള്ളുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകണമെന്നാണ് യെൽദോ പെരുന്നാൾ നമ്മോട് ആവശ്യപ്പെടുന്നത്. ഒരു പുതുവർഷംകൂടി സമാഗതമാകുമ്പോൾ ക്രിസ്തുവിനെ കണ്ടുവണങ്ങി വിദ്വാന്മാർ വേറെ വഴിയായി യാത്ര ചെയ്തതുപോലെ ഈ ലോക ജീവിതത്തിൽ ആത്മീയതയുടെ പുതുവഴികളിലൂടെ പ്രയാണം ചെയ്യുവാൻ വരും വർഷത്തിൽ പരിശുദ്ധ റൂഹാ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും അനുഗ്രഹം നിറഞ്ഞ ഒരു ക്രിസ്തുമസും നന്മകളാൽ സമ്പന്നമായ ഒരു പുതുവർഷവും ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഡിസംബർ മാസം 03-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.